ജില്ലാ പഞ്ചായത്ത് റോഡുകൾ

3236 ശ്രീ. ജി. സുധാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ജില്ലാപഞ്ചായത്തിന്റെ കൈവശമുള്ള റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) അനുബന്ധം (1)*

(ബി) ഉണ്ട്.

(സി) അനുബന്ധം (11).*

സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ

4760 ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ എന്തൊക്കെയാണ്; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കും സമാനരീതിയിലുള്ള മറ്റ് രോഗങ്ങൾ (ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയവ) ബാധിച്ചവർക്കും, സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ വകുപ്പിലൂടെ നടപ്പാക്കി വരുന്നത്;

(സി) പഞ്ചായത്തുകളുടെ വാർഷിക പദ്ധതികളിൽ നിശ്ചിത ശതമാനം തുക ഇത്തരക്കാർക്കുവേണ്ടി നീക്കി വെക്കാനും അതുവഴി ഇവർ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക് സഹായമെത്തിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* അനുബന്ധമായി ചേർത്തിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സാമൂഹ്യനീതി വകുപ്പു മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെയും ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരക്ക് വേണ്ടിയുള്ള ക്ഷേമപദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തുകയുടെ 5% തുക വൃദ്ധർ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിനായി മാറ്റി വെച്ചിട്ടുണ്ട്.

2013-14-ൽ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

1772 ശ്രീ. കെ. രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2013-14 വർഷം ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അംഗീകാരം നൽകിയിരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്കായി അംഗീകാരം നൽകിയിരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2013-14 വർഷം നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിരുന്ന പദ്ധതികൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2013-14 വർഷം മേൽപ്പറഞ്ഞ പദ്ധതികൾക്കായി അനുവദിച്ച തുകയിൽ 2013 ഡിസംബർ 31 വരെ ചെലവഴിച്ച തുക എത്രയാണെന്ന് പറയാമോ;

(ഇ) ഈ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി തുക അനുവദിക്കുന്നതിലും അനുവദിച്ച തുക വിനിയോഗിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കുമോ?

---

* അനുബന്ധമായി ചേർത്തിരിക്കുന്നു